


# CHURCH VOICE


## C. S. I. MATEER MEMORIAL CHURCH

Vol. 19 No. 12 Newsletter December 2021

ദൂതൻ അവരോട് പറഞ്ഞത്: "ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാകുവാനുള്ള ഒരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ദാവീദിന്റെ പട്ടണത്തിൽ ഇന്നു നിങ്ങൾക്കായി ജനിച്ചിരിക്കുന്നു".

(ലൂക്കൊസ് 2:10–11)



## 2nd Anniversary of Eternal Life
14-12-2019

# V. K. ALBERT

Retd. Assistant Director
Dept. Of Survey & Land Records

*With thankful hearts we remember,*

A life deeply anchored in prayer and interceded for the nations.
A life that always tried tiresomely to keep Christ at the centre.

*By loving family:*
*K.Kesi Roselet (wife), Children, Grand Children & Family members*

## നിത്യതയിൽ ഒൻപത് വയസ്സ്
13-01-2022



# കെ. സരസമ്മ

(റിട്ട. സീനിയർ അക്കൗണ്ടന്റ്)
W/o സൈറസ്സു ഇ., ചിറക്കുളം റോഡ്

പ്രത്യാശയോടു ജീവിച്ച്, പ്രത്യാശയോട് കടന്നുപോയ
ഞങ്ങളുടെ സ്നേഹനിധിക്ക് മറക്കാനാവാത്ത
ഓർമ്മകളോടുകൂടിയ സ്നേഹാദരങ്ങൾ സമർപ്പിക്കുന്നു

*സമസ്ത കുടുംബാംഗങ്ങൾ*

# CHURCH VOICE

19th year of publication

DECEMBER 2021

EDITORIAL BOARD

CHIEF EDITOR

Rev. D. Jacob

CONVENOR
Literary Board & Editor

D. S. Valsa

Rev. Y. Vijayadas

Rev. Dr. Jayaraj R.

Rev. N. Aji

P. R. Premakumar
(Sub Editor)

Dr. Thampi Samraj Y. C.

Stanley Wilson

Dr. Samson Nessiah

Dr. Sajitha Sanjeev

ADDRESS

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

PRINTED AT

GRACE PRINTERS
Muttada Ph: 9447059891

## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Study | 05.30 p.m. |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| | | |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | | 9496369672 |
| Rev. Dr. Jayaraj R. (Presbyter) | | 9895556924 |
| Rev. N. Aji (Presbyter) | | 9495745337 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| Mr. Sathy K. Das | | 8089098808 |
| Dr. Leena T. L. | | 9496941686 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## *From the Presbyter's desk*



ബത്ലഹേമിലെ കാലിത്തൊഴുത്തിനെക്കുറിച്ചുള്ള ഈ കഥ നിങ്ങൾ കേട്ടിട്ടുണ്ടാകും! യോസഫും മറിയയും ബത്ലഹേമിലേക്ക് പോകുമ്പോൾ ദൂതൻ മൃഗങ്ങളുമായി ഒരു രഹസ്യ സംഭാഷണത്തിലേർപ്പെട്ടു. ദൂതന്റെ ആവശ്യം ബത്ലഹേമിൽ വരുന്ന യോസഫിനെയും മറിയയേയും അവിടെ ജനിക്കുന്ന കുഞ്ഞിനെയും സംരക്ഷിക്കാൻ ആര് തയ്യാറാകും എന്നറിയണം. സിംഹം ആദ്യം തയ്യാറായി വന്നു, “ഒരു രാജാവിനു മാത്രമേ രാജാധിരാജാവിനെ ശുശ്രൂഷിക്കാൻ കഴിയൂ. ശിശുവിന്റെ അടുക്കൽ ആരെങ്കിലും വന്നാൽ ഞാൻ അവനെ കൊന്നുകളയും” ദൂതൻ പറഞ്ഞു, “ആവശ്യത്തിലധികം ശക്തനാണ് നീ. അതുകൊണ്ട് നിന്റെ സേവനം ആവശ്യമില്ല”. പിന്നീട് കുറുക്കൻ സഹായിക്കാൻ തയ്യാറായി വന്നു. അവൻ പറഞ്ഞു, “എല്ലാ ദിവസവും ശുദ്ധമായ തേനും ഓരോ കോഴിയും ഞാൻ ഈ കുടുംബത്തിന് നൽകാം”. നീ വളഞ്ഞ വഴി അന്വേഷിക്കുന്നവനാണ് എന്നു പറഞ്ഞ് ദൂതൻ അവനെ ഒഴിവാക്കി. അതിനു ശേഷം മയിലിന്റെ ഊഴമായിരുന്നു. “ശലോമൻ തന്റെ സിംഹാസനം അലങ്കരിച്ചതിനേക്കാൾ മനോഹരമായി ഞാൻ കാലിത്തൊഴുത്ത് അലങ്കരിക്കാം” അവൾ മൊഴിഞ്ഞു. പൊങ്ങച്ചക്കാരിയായ മയിലിന്റെ സേവനം ആവശ്യമില്ലെന്ന് ദൂതൻ തീർത്തു പറഞ്ഞു. പിന്നീട് പല മൃഗങ്ങളും ദൂതന്റെ മുമ്പിൽ വന്നെങ്കിലും ആരെയും ദൂതൻ തെരഞ്ഞെടുത്തില്ല. അപ്പോഴാണ് പാടത്ത് നിന്നിരുന്ന കാളയും കഴുതയും വിവരം അറിഞ്ഞ് ഓടിയെത്തിയത്. “നിങ്ങൾക്ക് എന്തു തരാനുണ്ട്?” ദൂതൻ ചോദിച്ചു. “വിനയവും ക്ഷമയും അല്ലാതെ മറ്റൊന്നും ഞങ്ങൾ പഠിച്ചിട്ടില്ല. പിന്നെ ഈച്ചകൾ ശല്യമുണ്ടാക്കിയാൽ അവയെ ആട്ടിക്കളയാനും ഞങ്ങൾക്കറിയാം”. ദൂതന് തൃപ്തിയായി. “നിങ്ങളാണ് കാലിത്തൊഴുത്ത് സംരക്ഷിക്കാൻ ആവശ്യം”. അവരെ ആ ചുമതല ഏല്പിച്ചു. അതിനാൽ എല്ലാം നശിപ്പിക്കാനുള്ള അമാനുഷിക ശക്തിയോ കൗശലമോ പൊങ്ങച്ചമോ കൊണ്ട് യേശുവിനെ സ്വന്തമാക്കാൻ സാധ്യമല്ല. അവിടെ വിനയവും ക്ഷമയുമാണ് അനിവാര്യം. കാലിത്തൊഴുത്തിന്റെ വിനയവും ലാളിത്യവും നമുക്ക് അത്യന്താപേക്ഷിതമാണ്.

നമ്മോടുകൂടെ, നമ്മുടെയിടയിൽ എന്നതാണ് ക്രിസ്മസ്. ചരിത്രത്തെ മുറിക്കാൻ ദൈവത്തിനും ദൈവത്തെ മുറിപ്പെടുത്താൻ ചരിത്രത്തിനും കഴിയുമെന്ന വലിയ സത്യം ലോകത്തെ ഓർമ്മിപ്പിക്കുന്നതാണ് ക്രിസ്മസ്. ദൈവത്തെ മുറിവേല്പിക്കാൻ ഇരുളിന്റെ ശക്തികൾ മത്സരിക്കുന്നുണ്ട്. എന്നാൽ സുവിശേഷം പറയുന്നു, "വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല" അന്ധകാരത്തെക്കാൾ ശക്തമായ പ്രകാശമുണ്ട്. മനുഷ്യൻ എത്ര അധഃപതിച്ചാലും പ്രകാശം പരത്താൻ ദൈവം ചരിത്രത്തിൽ കടന്നുവരും. വഴിയൊരുക്കാൻ ഒരുവനുണ്ടെങ്കിൽ പുതിയ ചരിത്രം രചിക്കാൻ ദൈവം വരും. ഭയാശങ്കകളുടെ ഇന്നിന്റെ ജീവിതത്തിൽ സമാധാനവും സന്തോഷവും നിറഞ്ഞ, സമൃദ്ധമായ ദൈവസ്നേഹം അനുഭവിക്കാൻ സാധിക്കുന്ന ക്രിസ്തുമസ് ഏവർക്കും ആശംസിക്കുന്നു.

സ്നേഹാശംസകളോടെ,
**ജേക്കബ്ബച്ചൻ**



## പ്രതിവാര ധ്യാനം

**ഡിസംബർ 5**

വിഷയം: **ദൈവവചനം - പ്രചോദിപ്പിക്കാനായി പ്രചോദിതമായത്**

*1 രാജാ.19:1-21, വെളി.10:1-11, സങ്കീ.119:33-40, ലൂക്കൊ. 1:39-45*

**ഡിസംബർ 12**

വിഷയം: **പാപത്തിന്റെ ബന്ധനത്തിൽ നിന്നുള്ള മോചനം**

*പുറ.14:1-14, റോമ.8:1-11, സങ്കീ.37:1-12, മത്താ.8:31-38*

**ഡിസംബർ 19**

വിഷയം: **മാറനാഥ -കർത്താവേ വരേണമേ**

*ആവ.18:15-22, 1 കൊരി.16:13-24, സങ്കീ.28, യോഹ.1:1-14*

**ഡിസംബർ 24**

വിഷയം: **ഭൂമിയിൽ സമാധാനം**

*യെശ.52:7-10, തീത്തോ.2:11-14, സങ്കീ.96, ലൂക്കൊ.1:67-79*

**ഡിസംബർ 25**

വിഷയം: **ക്രിസ്മസ് -ഒരു പുതിയ ഉദയം**

*യെശ.9:1-7, ഗലാ.4:1-7, സങ്കീ.98, ലൂക്കൊ.2:1-14*

**ഡിസംബർ 26**

വിഷയം: **സൗഖ്യത്തിന്റെ ഇടമാകുന്ന കുടുംബം**

*ഉല്പ.33:1-11, എഫെ.6:1-9, സങ്കീ.98, ലൂക്കൊ.15:11-24*



## Secretary's Report

Dear friends in Christ,

Greetings in the precious name of our Lord and Saviour Jesus Christ.

Heralding Christmas 2021, M M Church is all prepared to rejuvenate and refresh the festive season. M M Church Christmas House visits commenced from November 28th 2021 onwards.

115th MM Church Dedication Day Worship Service will be conducted on 5th December 2021. Annual Harvest Festival is scheduled to be held on December 11th and 12th 2021 at TJM MM Church Hall- a great opportunity for the members to offer the Annual Thanksgiving before the Lord Almighty.

'Give thanks to the Lord for He is good; His love endures forever'. Psalms 107: 1.

P. Gnanbharanam Memorial Sports Competitions will be held on December 24th, 2021 morning mainly to excel the sports talents of our children. Combined Christmas Celebration is scheduled to be held on December 23rd at Church Campus facilitating our families to participate in Christmas Tree, Manger Competitions and other Christmas Cultural Programmes.

Christmas eve worship service is on December 24th and on December 25th the Christmas day regular service will be there. Apart from it the Christmas Tree along with the anniversaries of JCF and BCL Union will be held, an occasion for our children to get lucky Christmas Gifts.

Besides all, the most important event of the season is the caring of the poor and needy, that proclaims the essence of Christmas. There will be distribution of Christmas kits to poor and needy from our Church. All are requested to come forward and contribute generously for this noble cause.

'And the angel said unto them, Fear not: for, behold, I bring you good tidings of great joy, which shall be to all people.' Luke 2:10

**1. Church Committee Meeting November 2021**

In November 2021, the regular Church Committee meeting was held on 14th November 2021 Sunday and a special meeting was held on 20-11-2021.

**2. Accounts for the month of October 2021**

The receipts and payments for the month of October 2021 is published at separate pages.

**3. Poor Fund/Aid for the period December 2020 to March 2021 and April to November 2021.**

1 Covid Relief Help

i. Note Books to poor students- 10000 books valued at Rs. 2,52,000.
ii. Food Kit (265 nos.) - Rs. 159000.
iii. Donation for food kit distributed through SKD -Rs 50,000.
iv. Help for Retired Pastors of SKD -@ Rs. 2500 for 30 pastors-Rs. 75,000.
v. Financial Aid to members of our City Mission Centres as well as to our pensioners. Rs.50,000. Total i,ii,iii, iv,& v = Rs. 5,86,000.

**4. Sunday School Week and World Sunday School Day 2021**

The Sunday school week 2021 was observed from 7th November to 14th November 2021. The Sunday school students and teachers took the lead role in the Church worship services on 7th November 2021. The World Sunday school day was celebrated on 7th November 2021 and our Sunday school took active participation in it.

**5. Remembrance Day 2021**

MM Church observed the Remembrance Day on 7th November 2021 by conducting remembrance day worship service at MM Church Cemetery chapel at 5.30 pm. The service started with candle light procession. The tombs of the dear ones were decorated with lighted candles and flowers by the respective family members.

### 6. Young Family Fellowship Bible Quiz

Young Family Fellowship conducted 'Family Bible Quiz' on 28th November 2021 at TJM MM Church Hall. The quiz master was Rev. Aneesh Sebastian, CSI Vellappalli.

### 7. Retreat by Women's Fellowship

Women's Fellowship members organised one day retreat at Kollam, Mundro Thuruthu on 23-11-2021.

### 8. CEYF, JCF & BCL Retreat

The combined retreat of CEYF, JCF & BCL was conducted on 27-11-2021 at Merchiston CSI Church, near Ponmudi. Besides they have also visited the proposed Mission Village site at Vithura.

### 9. Choir Day - November 2021

Choir day was observed on 21st November 2021 and the choir members took the lead role in Sunday worship services.

### 10. Marriages

In November 2021 one marriage was conducted at our Church .

### 11. Obituary

i. Mr. Prem Prakash Rose (Family No.218) called to eternal rest on 03-11-2021 and funeral at M M Church cemetery was held on 04-11-2021.
ii. Mr. Satheesh Kumar (Family No.233) called to eternal rest on 09-11-2021 and funeral was held on the same day.
iii. Mrs. Shelly J. (Family No. 1572) called to eternal rest on 12-11-2021 and funeral at M M Church cemetery was held on the same day.
iv. Mrs. Thankamony Damodaran (Family No.1312) called to eternal rest on 14-11-2021 and funeral at MM Church cemetery was held on the same day.
v. Mr. Anselm Samuel (Family No. A 419) called to eternal rest on 14-11-2021 and funeral at M M Church cemetery was held on the same day.
vi. Mr. Johnson M. former Sexton of MM Church (Family No. 604) called to eternal rest on 14-11-2021 and funeral at M M Church cemetery was held on the same day.

Heartfelt condolences to the bereaved family.

## 12. Birthday Greetings

Church committee extends bright and blessed birthday to all our beloved members who celebrated birthday during the month of November 2021.

May God our father and the Lord Jesus Christ give you all grace and peace. Church committee wishes you all *A merry Christmas and a Happy New Year.*

**Dr. Thampi Sam Raj Y. C.**
*Church Secretary*

---

# അറിഞ്ഞോ?



**ടോബി തലയൽ**

**വേ**ലിക്കിരുവശത്തേയും പൂക്കൾ
പുണർന്ന നാളിലാണ്
കുളിരുമായൊരു മഴ വന്നത്
ഇണക്കുരുവികൾ
ഒരു കൊമ്പത്തിരുന്ന്
ഒരേ സ്വരത്തിൽ പാടിയപ്പോഴാണ്
മുറ്റത്തെ മാവ് പൂവിടാൻ തുടങ്ങിയത്
ഏറ്റുപാടാൻ ഒരു കുട്ടി
കൂടെയുണ്ടന്നറിഞ്ഞാണ്
കുയിലിന്റെ സംഗീതം
ഹൃദയത്തിൽ നിന്നൊഴുകിയത്
അമ്മയുടെ താരാട്ടിന്
അച്ഛന്റെ താളം ചേർന്നപ്പോഴാണ്
കുരുന്നു മുഖത്തൊരു
അമ്പിളിക്കല വിരിഞ്ഞത്! ◉

# ക്രിസ്തുമസ് സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പ്രതീകം

**റവ. ഡോ. വർഗ്ഗീസ് റ്റി.ലീ.**

**ഇ**ന്ന് നാം ക്രിസ്തുമസ് ആഘോഷിക്കുവാൻ പോകുന്നത് ഒരു പ്രത്യേക സാഹചര്യത്തിലാണ്. കഴിഞ്ഞ വർഷവും നാം ക്രിസ്തുമസ് ആഘോഷിച്ചത് പ്രതിസന്ധികളുടെ ഒരു കാലഘട്ടത്തിലാണ്. 2 വർഷമായി കോവിഡ്-19 എന്ന മഹാമാരിയുടെ ഭയത്തിന്റെയും ഭീതിയുടേയും നിഴ ലിലാണ് നാം ജീവിക്കുന്നത്. ഇന്നും നാം ക്രിസ്തുമസ് ആഘോഷിക്കു വാൻ പോകുന്നത് ഈ പശ്ചാത്തലത്തിലാണ്. യേശു ജനിച്ചപ്പോൾ ദൈവ ദൂതൻ ലോകത്തിന് നല്കിയ ആദ്യ സന്ദേശം "ഭയപ്പെടേണ്ട" എന്ന വാഗ്ദത്തമാണ്. തുടർന്ന് നല്കുന്ന സന്ദേശത്തിൽ സന്തോഷവും, സമാ ധാനവും വാഗ്ദാനം ചെയ്യുന്നു. "കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" എന്ന വാക്യ ത്തിൽ തന്നെ ദൈവസ്നേഹത്തിന്റെ പ്രതിഫലനം കാണുവാൻ കഴിയും. അതുകൊണ്ട് ക്രിസ്തുമസിന്റെ ആത്മാവ് എന്നു പറയുന്നത് സ്നേഹവും, സന്തോഷവും, സമാധാനവും ആകുന്നു.

**1.** ക്രിസ്തുമസ് ദൈവസ്നേഹത്തിന്റെ പ്രതീകമാകുന്നു. ദൈവപുത്ര നായിരുന്ന യേശുവിന്റെ മനുഷ്യാവതാരത്തിലൂടെയാണ് ദൈവത്തിന് ലോക ത്തോടുള്ള തന്റെ സ്നേഹം വെളിപ്പെടുത്തിയത്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപി ക്കേണ്ടതിന് ദൈവം അവനെ (യേശുവിനെ) നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ. 3:16). "ദൈവം തന്റെ പുത്രനെ അവ നാൽ ജീവിക്കേണ്ടതിന് ലോകത്തിലേക്ക് പുത്രനെ അവനാൽ ജീവിക്കേ ണ്ടതിന് ലോകത്തിലേക്കു അമച്ചു എന്നതിനാൽ ദൈവത്തിന് നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി" (1 യോഹ. 4:9). ദൈവത്തിന് നമ്മോടുള്ള 'സ്നേഹം' എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദം 'അഗപ്പെ' എന്നാണ്. ആ വാക്കിന് ആഴമായ അർത്ഥ തലങ്ങൾ ഉണ്ട്. അനർഹമായ സ്നേഹം, അതിർ വരമ്പില്ലാത്ത സ്നേഹം, നിബന്ധനയില്ലാത്ത സ്നേഹം, തിരിച്ചു പ്രതീക്ഷിക്കാത്ത സ്നേഹം, അനന്തമായ സ്നേഹം എന്നീ അർത്ഥ ങ്ങൾ ഈ വാക്കിന് കൊടുത്തിരിക്കുന്നു. എപ്പോഴാണ് ഈ സ്നേഹത്തിന്റെ പൂർണ്ണത ലഭിക്കുന്നത്? ക്രിസ്തുവിലൂടെ നമുക്ക് പകർന്നു തന്ന ദൈവ സ്നേഹം ഉൾക്കൊണ്ട് ആ സ്നേഹം മറ്റുള്ളവരിലേക്ക് പകരപ്പെടുമ്പോ

ഴാണ് ദൈവസ്നേഹത്തിന്റെ പൂർണ്ണത ലോകത്തിന് വെളിപ്പെടുന്നത്. ഈ വലിയ ദൗത്യം പൂർണ്ണമാക്കുവാൻ ശിഷ്യന്മാരോട് യേശു ആഹ്വാനം ചെയ്തു. യേശു പറഞ്ഞു "ഞാൻ നിങ്ങൾക്ക്, ഒരു പുതിയ കല്പന തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ സ്നേഹിപ്പിൻ. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹ. 13:34,35). ദൈവസ്നേഹത്തെ ലോകത്തിന് വെളിപ്പെടുത്തി കൊടുപ്പാൻ ഈ വലിയ നിബന്ധന ആണ് യേശു ശിഷ്യന്മാരോട് കല്പിച്ചിരിക്കുന്നത്. ഇത് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ നമ്മുക്ക് കഴിയുന്നുണ്ടോ?

ഒരിക്കൽ കുറച്ചു ക്രൈസ്തവർ ഗാന്ധിജിയെ സമീപിച്ചു അവർക്ക് ഒരു ക്രിസ്തുമസ് ദൂതു നല്കുവാനായി അപേക്ഷിച്ചു. അദ്ദേഹം മറുപടിയായി പറഞ്ഞു, "ശത്രുക്കളെപ്പോലും സ്നേഹിക്കുവാൻ ഉപദേശിച്ച ഒരു വലിയ ഗുരുവിന്റെ ശിഷ്യന്മാരാണ് ലോകത്തെ നാശത്തിലേക്കും അനേകം ലക്ഷം ആളുകളുടെ മരണത്തിലേക്കും നയിച്ച ഒന്നും, രണ്ടും മഹാലോകയുദ്ധത്തിന് കാരണക്കാരായത്". ഈ പ്രസ്താവന നമ്മുടെ മുമ്പാകെ ഒരു ചോദ്യചിഹ്നമായി നിലക്കൊള്ളുന്നു. നമ്മുടെ ഭാഗത്തു നിന്നു ചിന്തിക്കുക. സഭകൾ തമ്മിലുള്ള അനൈക്യം, വഴക്കുകൾ കേസുകൾ മുതലായവ നമ്മുടെ സമൂഹത്തിൽ തന്നെ ക്രമസമാധാന പ്രശ്നത്തിന് വഴി തെളിച്ചു കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ക്രിസ്തുമസ് കാലയളവ് നമ്മെ തന്നെ ശോധന ചെയ്യുവാനും നമ്മുടെ കുറവുകൾ തിരുത്തി പരസ്പരം സ്നേഹിക്കുവാനും കരുതുവാനും നമുക്ക് കഴിയട്ടെ.

**2.** ക്രിസ്തുമസ് ദൈവീക സന്തോഷത്തിന്റെ പ്രതീകമാണ്. യേശുവിന്റെ ജനനസമയത്ത് ദൈവദൂതൻ ആട്ടിടയന്മാരോട് അറിയിച്ചത് ഇപ്രകാരം ആയിരുന്നു, "ദൂതൻ അവരോടു ഭയപ്പെടേണ്ട, സർവ്വ ജനത്തിനും ഉണ്ടാവാനുള്ളോരു 'മഹാസന്തോഷം' ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ ജനിച്ചിരിക്കുന്നു" (ലൂക്കൊ. 2:10,11). സന്തോഷത്തിനു ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഇംഗ്ലീഷ് പദം 'Joy' എന്നാണ്. (Good tidings of great Joy) സാധാരണ സന്തോഷത്തിന് രണ്ടു ഇംഗ്ലീഷ് പദങ്ങൾ നാം ഉപയോഗിക്കാറുണ്ട്.'Joy' എന്നും 'Happiness' എന്നും ഇംഗ്ലീഷ് ഭാഷയിൽ ഈ രണ്ടു പദങ്ങൾക്കും അർത്ഥ വ്യത്യാസങ്ങൾ ഉണ്ട്. 'ഹാപ്പിനസ്സ്' (Happiness) എന്ന വാക്ക് സാഹചര്യത്തിനനുസരിച്ചു മാറിക്കൊണ്ടിരിക്കുന്ന സന്തോഷത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ Joy എന്ന വാക്കിന് സ്ഥായിയായി നിലനിൽക്കുന്ന സന്തോഷത്തെയാണ് സൂചിപ്പിക്കുന്നത്. അതായത് യേശു ജനിച്ചപ്പോൾ മനുഷ്യർക്കു നൽകിയ സന്തോഷത്തിന്റെ ദൂത് ഒരിക്കലും മാറ്റപ്പെടാത്ത

സന്തോഷത്തെയാണ് കുറിക്കുന്നത്. ക്രിസ്തുമസ് ലോകത്തിന് നല്കുന്നത് ഒരിക്കലും നശിക്കാത്ത സന്തോഷം ആണ്. ചുറ്റുപാടുകളും അനുകൂല സാഹചര്യങ്ങളുമല്ല സന്തോഷത്തിന്റെ കാരണം, അതൊന്നും നമുക്ക് സ്ഥായിയായ സന്തോഷം നല്കുന്നില്ല. വ്യക്തികളോടും സംഭവങ്ങളോടു മുള്ള നമ്മുടെ മനോഭാവമാണ് നമ്മുടെ സന്തോഷം ഉണ്ടാക്കുന്നത്. ഇതു രണ്ടും നമ്മുടെ ഉള്ളിൽ നിന്നും വരുന്നതാണ്. പുറത്ത് നിന്നും അകത്തേക്ക് വരുന്നതല്ല. ഇത് ഒരു ആത്മീയ പ്രക്രിയയാണ്. Joy എന്ന ഇംഗ്ലീഷ് പദ ത്തിന്റെ അർത്ഥം ഇതു തന്നെയാണ്. അപ്പോൾ Joy എന്ന വാക്കിൽ ഉൾപ്പെ ട്ടിരിക്കുന്ന സന്തോഷം ഒരു ആത്മീയ പ്രക്രിയയുടെ ഫലമായിട്ടാണ് രൂപ പ്പെടുന്നത്. അതു യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ നിന്നും ഉത്ഭവി ക്കുന്നതാണ്. അതുകൊണ്ടാണ് പൌലോസ് പറയുന്നത് "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്ന് ഞാൻ പിന്നെയും പറ യുന്നു" (ഫിലി. 4:4). ഇവിടെയും ഉപയോഗിച്ചിരിക്കുന്ന ഇംഗ്ലീഷ് പദം 'Rejoice' (Joy എന്ന പദത്തിന്റെ ക്രിയാപദം) എന്നതാണ്. ഒരിക്കലും മാറ്റപ്പെ ടാത്ത, ഏതു സാഹചര്യത്തിലും അനുഭവിക്കുവാൻ കഴിയുന്ന സന്തോഷം ആണ് ക്രിസ്തുമസിൽ പ്രദാനം ചെയ്തിരിക്കുന്നത്. ഈ ക്രിസ്തുമസ് നാളു കൾ ഈ ആത്മീയ സന്തോഷം അനുഭവിക്കുവാൻ നമ്മെ സമർപ്പിക്കാം.

**3.** ക്രിസ്തുമസ് ദൈവീക സമാധാനത്തിന്റെ പ്രതീകമാണ്. യേശുവിന്റെ ജനനവിവരം അറിയിച്ചു കൊണ്ട് സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതന്മാരോട് ചേർന്നു പാടിയ ഗാനം ഏവരും ഓർക്കുന്ന ഒരു മഹൽ സംഭവമാണ്. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം, ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കൊ. 2:14). ക്രിസ്തുമസിന്റെ ഒരു പ്രധാന സന്ദേശമാണ് "സമാധാനം". ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം വാഗ്ദത്തം ചെയ്തിരിക്കുന്നത്. എന്താണ് ദൈവപ്രസാദം? അഭിവന്ദ്യ യേശു ദാസൻ തിരുമേനി അതിന് നല്കിയിരിക്കുന്ന വ്യാഖ്യാനം ഏറ്റവും പ്രധാനപ്പെട്ടതാണ്. ലൂക്കൊ. 3:22-ൽ യേശുവിന്റെ സ്നാനം ഇപ്ര കാരം രേഖപ്പെടുത്തിയിരിക്കുന്നു "നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" ഈ സംഭവം യേശുവിൽ ദൈവീക വാഴ്ചയുടെ (ദൈവ ഭരണത്തിന്റെ) ആരംഭത്തെയാണ് കാണിക്കുന്നത്. ഭൂമിയിൽ ദൈവപ്രസാ ദമുള്ളവർക്കാണ് സമാധാനം വാഗ്ദത്തം ചെയ്തിരിക്കുന്നത് എന്നു പറ ഞ്ഞാൽ ദൈവീക ഭരണത്തിന് സമ്പൂർണ്ണമായി ഏല്പിച്ചു കൊടുക്കുന്ന വർക്കാണ് സമാധാനം ലഭിക്കുന്നത്. യാതൊരു വ്യവസ്ഥയും കൂടാതെ സമാ ധാനം ലഭിക്കുന്നതിനാണ് മനുഷ്യൻ ആഗ്രഹിക്കുന്നത്. ദൈവപ്രസാദമായി നമുക്ക് നല്കപ്പെടുന്ന ദൈവീക ഭരണത്തിന്റെ സാമൂഹിക മാനം നീതി, സമാധാനം, സ്നേഹം, സന്തോഷം എന്നിവയുടെ ഒരു സംഘമമാണ്. ദൈവ

കൃപയും സന്തോഷവും സമാധാനവും വിലപിടിപ്പുള്ളതാണ്. ഇതൊക്കെ നമുക്ക് ലഭിക്കണമെങ്കിൽ ചിലതെല്ലാം നാം ഉപേക്ഷിക്കണം. നമ്മെയും സമൂഹത്തെ നശിപ്പിക്കുന്ന എല്ലാ പാപങ്ങളും ഉപേക്ഷിക്കണം. പകരം എന്താണ് സ്വീകരിക്കേണ്ടത്? ദൈവീക ഭരണത്തിന്റെ പ്രതീകങ്ങളായ സ്നേഹം, മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ നാം സ്വായത്തമാക്കണം. ഇന്നു ലോകം മുഴുവനും ഭീതിയുടെയും, ഭയത്തിന്റെയും നിഴലിൽ ജീവിക്കുന്നു. കോവിഡ്-19 എന്ന മഹാമാരിയുടെ ഭീകരത ഇന്നും മാറിയിട്ടില്ല. നാളെ എന്തു സംഭവിക്കും എന്ന് ആർക്കും പ്രവചിക്കാൻ കഴി ഞ്ഞിട്ടില്ല. കോവിഡ് വൈറസിന്റെ മുന്നിൽ നമ്മുടെ വൈദ്യശാസ്ത്രത്തി നോ, സാങ്കേതിക നേട്ടങ്ങൾക്കോ പിടിച്ചു നില്ക്കുവാൻ കഴിയുന്നില്ല. ദൈവ ത്തിന് മാത്രമേ ഇതിൽ നിന്നും ഒരു വിമോചനം നല്കുവാൻ കഴിയുകയു ള്ളൂ. ദൈവത്തിങ്കലേക്ക് സകലരും തിരിച്ചുവരുവാനുള്ള ഒരു ആഹ്വാനമാണ് ഇത് നല്കുന്നത്. ഈ ഒരു പശ്ചാത്തലത്തിൽ ക്രിസ്തുമസ്സിന്റെ സന്ദേശം വളരെ പ്രസക്തമാണ്. സ്നേഹവും, സന്തോഷവും, സമാധാനവും നഷ്ട പ്പെട്ട ഒരു ലോകത്തിൽ ക്രിസ്തുമസിന്റെ പ്രതിരൂപങ്ങളായ സ്നേഹത്തി ന്റെയും, സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും സന്ദേശവാഹകരായി നമുക്കു പ്രവർത്തിക്കാം. അതിനായി നമ്മെ സമർപ്പിക്കാം. ഏവർക്കും ക്രിസ്തുമസ് ആശംസകൾ. ⊙

## CONGRATULATIONS



***Aiswarya S.*** *secured first rank in M.Tech Rubber Technology, from Anna University, Chennai, during the academic year 2019-21. She is the daughter of Mr. Satya Kumar S., Satya Vilas, Charachira (F.No.1327).*



***Nisha Pratap*** *has successfully passed in M.B.A from Velloor Institute of Technology with First Class and Distinction securing Fourth Rank. (Family No. 1408), Father: J. Pratap Shah. Mother: Nirmala Pratap, Brother: Nishant P.*

# വാരിക്കൂട്ടുന്നതിലല്ല വാരി വിതറുന്നതിലായിരിക്കട്ടെ ക്രിസ്തുമസ് കാലം



**സേം ഏനോക്ക്**

**ലി**സിയായിൽ ഒരു സാധു കർഷകൻ വിവാഹ പ്രായമായ 3 പെൺമക്കളുമായി കഴിഞ്ഞിരുന്നു. ഓരോ ദിവസവും പ്രായമായ 3 പെൺമക്കളുടെ ഭാവിയെക്കുറിച്ചുള്ള വ്യാകുലത അവനെ അലട്ടിക്കൊണ്ടിരുന്നു. എല്ലാ വഴികളും അടഞ്ഞു എന്നു കരുതിയ നാളുകളിൽ നീച മാർഗത്തെക്കുറിച്ചുവരെ ചിന്തിക്കാൻ തുടങ്ങി. ഇത് മനസ്സിലാക്കിയ നിക്കോളസ്സ് പ്രതിവിധികളെക്കുറിച്ച് ചിന്തിച്ചു.

ഒരു രാത്രിയിൽ നിക്കോളസ്റ്റ് കർഷക ഭവനത്തിൽ എത്തി രഹസ്യമായി സമ്മാനപ്പൊതികൾ നിക്ഷേപിച്ചു. അടുത്തുദിവസം കർഷകൻ ആശ്ചര്യത്തോടെ പൊതികളെ വീക്ഷിച്ചു. രണ്ടാം ദിവസവും സമ്മാനപ്പൊതികൾ തന്റെ ഭവനത്തിൽ വന്നു ചേർന്നു. സധൈര്യത്തോടുകൂടി പൊതി തുറന്നു സ്വർണ്ണം കണ്ട കർഷകൻ അക്ഷരാർദ്ധത്തിൽ ഞെട്ടിപ്പോയി. “ആരാണ് സമ്മാനങ്ങൾ എത്തിക്കുന്നത്.” മൂന്നാംനാൾ രാത്രി പകലാക്കി സാധു കാത്തിരുന്നു.

മുൻനാളുകൾ പോലെ സമ്മാനങ്ങൾ കൊണ്ട് വച്ചിട്ട് പോകാൻ പുറപ്പെട്ട നിക്കോളസ്സിന്റെ കാലിൽ കെട്ടിപ്പിടിച്ച സാധുവിന്റെ മനസ്സറിഞ്ഞ് ‘നിന്റെ മൂന്നു പെൺമക്കളുടെയും വിവാഹം നല്ല രീതിയിൽ നടത്തി അയയക്കു എന്നാശീർവദിച്ച് കടന്നുപോയി.’ നീച പ്രവർത്തികൾക്കടിമപ്പെടാമായിരുന്ന സാധു പെൺകുട്ടികളുടെ വിവാഹം നടത്താൻ നിക്കോളസ്സിന്റെ ദാന പ്രവർത്തിക്ക് കഴിഞ്ഞു.

സാന്താക്ലോസ് എന്നും ക്രിസ്തുമസ് അപ്പൂപ്പനെന്നും നാം പറയുന്നത് ദാന പ്രവർത്തികളുടെ പിതാവായ നിക്കോളസ്സിനേയാണ്.

വി.അ.പൗലോസ് എബ്രായർ 13:16 – ൽ പറയുന്നത് “നന്മ ചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്. ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത” 2021–ലെ ക്രിസ്തുമസ് ആഘോഷം നന്മ ചെയ്തുകൊണ്ട് “ഈ എളിയവന് ചെയ്തതൊക്കെയും എനിക്കാകുന്നു ചെയ്തത്” എന്ന അരുമ നാഥന്റെ വാക്കുകൾ ഏറ്റു പറയുന്നവരായിട്ടല്ല അത് പ്രാവർത്തികമാക്കുന്നവരായിരിക്കാം. ◉



# ക്രിസ്തുമസ്സ് കേവലം ആഘോഷമോ അതോ അനുഭവമോ

ഡോ. ക്രിസ്റ്റെൻസൺ ഈ. സാരസം

“കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു” (ലൂക്കോസ് 2:11). ഇതാണ് ക്രിസ്തുമസ്സ് സന്ദേശം. ക്രിസ്തുവിന്റെ ആഗമനം വേദപുസ്തകത്തിലെ ഓരോ വാക്യത്തിലൂടെയും എന്നും മനുഷ്യ ഹൃദയങ്ങളെ പ്രകമ്പനം കൊള്ളിക്കുന്നു. മനുഷ്യരോടുള്ള ദൈവത്തിന്റെ അവാച്യമായ സ്നേഹത്തിന്റെ പുനർവായനയാണ് ക്രിസ്തുമസ്സ്. യേശുവിന്റെ ജനനം ദൂതന്മാർ അറിയിക്കുമ്പോൾ “ഭയപ്പെടേണ്ടാ, സർവജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു” (ലൂക്കൊസ് 2:10) എന്നാണ് പറഞ്ഞത്. ഇത് വീണ്ടെടുപ്പിന്റെ സൗരഭ്യമാണ്. ഇത് ലോകത്തെ പ്രകാശിപ്പിക്കുന്ന വെളിച്ചത്തിന്റെ മഹോത്സവമാണ്. സമൃദ്ധിയായ ജീവന്റെ സൗരഭ്യയാഗമാണ്. രൂപാന്തരത്തിന്റെ മുഖാന്തരമാണ്. ആഗമനകാലം, ക്രൈസ്തവ ചരിത്രത്തിന്റെ പുത്തൻ ഇതിഹാസം എഴുതിചേർത്ത ഒരു സുന്ദര മുഹൂർത്തത്തിന്റെ ഓർമ്മ പുതുക്കലാണ്. ക്രിസ്തുമസ്സ് കാലം വരുമ്പോൾ മാത്രം ഉള്ളിലുണരുന്ന ദൈവബോധം നമുക്ക് പോരാ; ജീവിതത്തിന്റെ സമസ്ത മേഖലകളിലും ക്രിസ്തുവിന്റെ മുഖം പ്രതിഫലിപ്പിക്കുന്ന ദൈവത്തിന്റെ കണ്ണാടിയായിത്തീരുമ്പോൾ ക്രിസ്തുമസ്സ് നമ്മിൽ സാക്ഷാത്കരിക്കപ്പെടും.

രണ്ടു വർഷക്കാലത്തെ ദുരിതപൂർവമായ കാത്തിരിപ്പിനുശേഷവും കൊറോണാ മഹാമാരിയുടെ തീവ്രത പൂർണമായും കെട്ടടങ്ങിയിട്ടില്ലെങ്കിലും, ഈ ഡിസംബർ മാസം ക്രിസ്തുമസ്സ് ആഘോഷിക്കാൻ ലോകം സർവോപരി ഒരുങ്ങിക്കഴിഞ്ഞു. എന്താണ് ക്രിസ്തുമസ്സ്? ദൈവം ദാസരൂപം എടുത്ത് മനുഷ്യനു സമാനമായ സംഭവമാണ് ക്രിസ്തുമസ്സ്. പാപാന്ധകാരത്തിൽപ്പെട്ടു ലക്ഷ്യബോധമില്ലാതെ കഴിയുന്ന ലോകജനതയെ രക്ഷിക്കാൻ ക്രിസ്തു എന്ന രക്ഷിതാവ് സ്വർഗീയ സുഖം വെടിഞ്ഞു ഭൂമിയിൽ താണിറങ്ങി പുൽക്കൂട്ടിൽ ജാതനായി. ആഗമനം നാം കൊണ്ടാടുമ്പോൾ യേശുക്രിസ്തു വന്നത് സർവലോകത്തിന്റെയും രക്ഷക്കാണെന്നുള്ള ബോധ്യം നമുക്കുണ്ടാകണം. നമ്മുടെ ഹൃദയ കവാടത്തിൽ വന്നു മുട്ടുന്ന ക്രിസ്തുവിനോട് “ഇവിടെ സ്ഥലമില്ല” എന്നു പറഞ്ഞു യോസേഫിനെയും മറിയയെയും കാലിത്തൊഴുത്തിലേക്ക് പറഞ്ഞു വിട്ട സത്രക്കാരനെപ്പോലെ, നാമും ചെയ്യുന്നുണ്ടോ?

ക്രിസ്തുമസ്സ് വെറുമൊരു ആഘോഷമായി മാറിയിരിക്കുന്നു. ലോക ചരിത്രത്തെ കീഴ്മേൽ മറിച്ച ആ സംഭവത്തിന്റെ ദൃക്സാക്ഷികളാകാനുള്ള മഹാഭാഗ്യം ലഭിച്ച അജപാലകർ ബേത്ത്ലഹേമിലെ കാലിത്തൊഴുത്തിൽ ഓടിയെത്തി. സ്വർഗ്ഗീയ സൈന്യത്തിന്റെ വിളംബരം ശ്രവിച്ച ആട്ടിടയർ ശിശുവിനെ പശുത്തൊട്ടിയിൽ കിടക്കുന്നതു കണ്ടശേഷം വാർത്ത മറ്റുള്ളവരോട് അറിയിച്ചു. ദിവ്യനക്ഷത്രം ദർശിച്ച വിദ്വാന്മാർ ഈ സംഭവത്തെക്കുറിച്ച് വിശകലനം ചെയ്തപ്പോൾ യഹൂദന്മാർക്ക് ഒരു രാജാവ് പിറന്നിരിക്കുന്നതിന്റെ അടയാളമാണീ നക്ഷത്ര ഉദയം എന്നവർ കണ്ടുപിടിച്ചു. 'രാജാവാകേണ്ടവൻ രാജ കൊട്ടാരത്തിലല്ലാതെ പിന്നെവിടെ പിറക്കാൻ' എന്ന താത്വികജ്ഞാനം അവരെ യെരൂശലേമിൽ ഹെരോദാവിന്റെ കൊട്ടാരത്തിൽ കൊണ്ടെത്തിച്ചു. തെറ്റ് മനസ്സിലാക്കിയ വിദ്വാന്മാർ വീണ്ടും നക്ഷത്രത്തെ നോക്കി യാത്ര തുടർന്നു. ബെത്ലഹേമിൽ പൈതലിന്റെ സന്നിധാനത്തിലെത്തി വീണു നമസ്ക്കരിച്ച് നിക്ഷേപപാത്രങ്ങളെ തുറന്നു പൊന്ന്, മൂർ, കുന്തുരുക്കം എന്നിവ കാഴ്ചയർപ്പിച്ചു പൊന്ന് ദിവ്യശിശുവിന്റെ രാജത്വത്തെയും, മൂർ പ്രവാചക ദൗത്യത്തെയും, കുന്തുരുക്കം പൗരോഹിത്യത്തെയും വിളിച്ചറിയിക്കുന്നു. ഈ അനുഭവത്തിനുശേഷം ഇനി ഒരിക്കലും പഴയ വഴിയേ സഞ്ചരിക്കുവാൻ സാധ്യമല്ല എന്നു ബോധ്യപ്പെട്ടിട്ടു വേറെ വഴിയിലൂടെ അവരുടെ സ്വദേശത്തേക്കു മടങ്ങിപ്പോയി. വീണ്ടും പഴയ വഴികളിലൂടെയല്ല നാമും സഞ്ചരിക്കേണ്ടത്, പിന്നെയോ രക്ഷിതാവ് കാട്ടിത്തരുന്ന പുതിയ വഴിയിലൂടെ ജീവിതയാത്ര തുടർന്നു സ്വർഗസീയോനിൽ ചെന്നു ചേരണം. എന്നാൽ, രാജാധി രാജാവായ ക്രിസ്തുവിനെ മനസ്സിലാക്കാൻ കഴിഞ്ഞ ഹെരോദാവു ഒരു കൂട്ടക്കുരുതിക്ക് കല്പ്പന പുറപ്പെടുവിച്ചു. ഇതാണ് ഇന്നും ലോകം ക്രിസ്തുവിനോടു കാട്ടുന്ന കൊടും ക്രൂരത. ക്രിസ്തുപിറവിയുടെ അന്തസത്ത ആസ്വദിച്ചിട്ടുള്ള നാമൊരുത്തരുടെയും വഴികൾക്കും മനോഭാവത്തിനും എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോ? പിറവികളെന്നും പുതുമയാണ്. പിറവികൾ എന്നും പ്രതീക്ഷകളാണ്. ഓരോ പിറവിയും ജീവിതത്തെ പുതുവഴികളിലേക്ക് നയിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ജനനം നിരന്തരം വിശുദ്ധ വഴിയിലേക്കുള്ള സൂചകമാണ്. ഓരോ ക്രിസ്തുമസ്സും ഈ ബോധ്യത്തിലേക്കും സമർപ്പണത്തിലേക്കും എത്താനുള്ള ക്ഷണമാണ്.

ബെത്ലഹേമിലെ പുൽത്തൊഴുത്തിന്റെ കാഴ്ച ആംഗലേയ കവി ടി.എസ്.എലിയറ്റിൽ ഉളവാക്കിയ പ്രതികരണത്താൽ അദ്ദേഹം എഴുതി; "ഇത് ജനനമോ മരണമോ; ജനനം നിലനിൽപ്പിന്റെ തുടക്കമാണ്, മരണം അതിന്റെ ഒടുക്കവും". ജനിക്കും മുമ്പേ താൻ എന്തിനായി എങ്ങനെ എവിടെ എപ്പോൾ ജനിക്കും, മരിക്കും എന്ന അറിവിൽ യേശു ഭൂമിയിൽ ജാതനായി. ഒരിയ്ക്കലും

കൈവിടാത്ത ദൈവം മനുഷ്യനോടു ഒത്തിണങ്ങുന്ന അവർണനീയ മുഹൂർത്തം. ദൈവവും മനുഷ്യനും ഭൂമിയും ചേരുന്നിടത്ത് ക്രിസ്തുവിന്റെ സാന്നിധ്യം സ്വർഗമൊരുക്കുന്നു. പരിമിതികൾക്കതീതമായി ദൈവത്തോടൊപ്പം മനുഷ്യനു വസിക്കാനാകുമെന്ന് തിരുജനനം ഉദ്ഘോഷിക്കുന്നു. "വചനം ജഡമായി തീർന്നു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു" (യോഹ. 1:14). ദൈവസ്നേഹത്തിന്റെ കവിഞ്ഞൊഴുക്കാണ് ക്രിസ്തുമസ്സ്. ദൈവം തന്റെ സ്നേഹം ലോകത്തോട് പ്രദർശിപ്പിച്ച ചരിത്രത്തിലെ ദൈവീക ഇടപെടലാണ് ക്രിസ്തുപിറവി. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16). യേശുവിന്റെ ജനനസമയത്തു സ്വർഗീയ ഗായകസംഘം പാടി: "അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്ത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കൊസ് 2:14). ദൈവപ്രസാദം ഭൂമിയിൽ അനുഭവിക്കുന്നവരിലൂടെയാണ് സമാധാനം നിലനിൽക്കുന്നത്. ദൈവീക പ്രസാദാത്മകതയാണ് സമാധാനത്തിന്റെ വിളവെടുക്കാൻ ഭൂമിയെ ഒരുക്കുന്നത്. ഉണ്ണിയേശുവിനെ നമ്മുടെ ഹൃദയത്തിൽ സ്വീകരിച്ച് സാക്ഷാൽ സമാധാനത്തിനെ ചാലകങ്ങളായി അനുരഞ്ജനത്തിന്റെ വക്താക്കളായി ജീവിക്കാൻ ക്രിസ്തുമസ്സ് അനുഭവം നമ്മെ പുനർജീവിപ്പിക്കട്ടെ. രക്ഷകനിലുള്ള പ്രതീക്ഷയുടെയും പ്രത്യാശയുടെയും പ്രതീകമായ ആഗമനകാലത്തിലുള്ള നമ്മുടെ ഒരുക്കത്തോടൊപ്പം ന്യായാധിപതിയായി മടങ്ങി വരുന്ന ക്രിസ്തുവിന്റെ രണ്ടാം വരവിൽ സ്വർഗീയ മണവാളനെ എതിരേൽക്കാൻ നമുക്ക് ഒരുങ്ങാം. ◉

## CONGRATULATIONS



*As a part of 75th Independence Day Celebration, Smart City Thiruvananthapuram Limited organised an event. Our church member* ***Vimala Vijayan*** *has been awarded the First place in the freedom walk senior citizen female, by the honourable Minister Sri. Muhammad Riyas. Vimala Vijayan was also declared the senior most cyclist.*

# സ്ത്രീധന സമ്പ്രദായം ബൈബിളിൽ

ഡോ. ലിന്റാ ജയരാജ്



**സ്**ത്രീധനം എന്ന വിഷയം ഇന്ന് നമ്മുടെ ഇടയിൽ ഗൗരവമേറിയ സംസാര വിഷയമായി മാറിയിരിക്കുകയാണ്. അത്രയും വലിയ ദേശീയ വിപത്തായി അത് മാറിയിരിക്കയാണ്. സ്ത്രീധന പീഡനത്തിന്റെ തോത് വർദ്ധിക്കുന്നതോടൊപ്പം തന്നെ ആത്മഹത്യകളും പെരുകുന്നു. വിവാഹവുമായി ബന്ധപ്പെട്ട് നിർബന്ധിതമായോ മുൻ വ്യവസ്ഥകൾ പ്രകാരമോ നൽകുന്ന സമ്മാനമാണ് സ്ത്രീധനം (Dowry). സ്ത്രീധനം ചോദിക്കുന്നതും കൊടുക്കുന്നതും സ്വീകരിക്കുന്നതും നിരോധിച്ചുകൊണ്ട് സ്ത്രീധനം എന്ന ശാപത്തിന് ഇരയായിത്തീരുന്നവരുടെ മോചനം ലക്ഷ്യമാക്കി കേന്ദ്രസർക്കാറാണ് 1961-ൽ സ്ത്രീധന നിരോധന നിയമം (Dowry Prohibition Act) പാസ്സാക്കിയത്.

**1. ന്യായപ്രമാണ കാലത്ത് മുമ്പ് ഉണ്ടായിരുന്ന സ്ത്രീധന സമ്പ്രദായം**

വിശുദ്ധബൈബിളിൽ സ്ത്രീധന സമ്പ്രദായത്തിന്റെ മറ്റൊരു രൂപം നമുക്ക് കാണാൻ സാധിക്കും. ന്യായപ്രമാണകാലത്തിന് മുമ്പ് ഉണ്ടായിരുന്ന സ്ത്രീധന സമ്പ്രദായം വിവാഹിതനാകാൻ പോകുന്ന പുരുഷൻ താൻ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന പെൺകുട്ടിക്കോ അവളുടെ മാതാപിതാക്കൾക്കോ നൽകുന്ന സമ്മാനമാണ് ഈ സ്ത്രീധന സമ്പ്രദായം. ഏതാണ്ട് 4000-ൽ പരം വർഷങ്ങൾക്കു മുമ്പ് തന്നേ ഈ സമ്പ്രദായം വിവിധ ദേശങ്ങളിൽ നിലനിന്നിരുന്നതായി മനസ്സിലാക്കാം.

1. ഗോത്രപിതാവായ യാക്കോബ് താൻ വളരെ ഇഷ്ടപ്പെട്ടിരുന്ന റാഹേൽ എന്ന സ്ത്രീയെ ഭാര്യയായി കിട്ടുന്നതിന് പ്രതിഫലമായി അവളുടെ അപ്പനായ ലാബാന് വേണ്ടി ആദ്യം ഏഴുവർഷവും, താൻ വഞ്ചിക്കപ്പെട്ടപ്പോൾ വീണ്ടും ഏഴു വർഷവും അങ്ങനെ 14 വർഷം വേല ചെയ്യേണ്ടി വന്നു. യാക്കോബ് ലാബാനോട് പറയുന്ന വാക്കുകളിൽ നിന്ന് അത് വ്യക്തമാകുന്നു. യാക്കോബ് പറയുന്നു "നിന്റെ ഇളയമകൾ റാഹേലിന് വേണ്ടി ഞാൻ ഏഴുവർഷം നിന്നെ സേവിക്കാം" അങ്ങനെ യാക്കോബ് ഏഴു വർഷം സേവിച്ചു. പക്ഷേ ലഭിച്ചത് മൂത്തവളെയായിരുന്നു. ഏഴ് വർഷത്തിന് ശേഷം ലാബാൻ യാക്കോബിനോട് പറഞ്ഞു "നീ ഇനിയും ഏഴു വർഷം എന്റെ അടുക്കൽ ചെയ്യുന്ന സേവയ്ക്കുവേണ്ടി ഞങ്ങൾ അവളെയും (ഇളയമകൾ) നിനക്കു തരാം" (ഉൽപത്തി 29:18,19) യാക്കോബ്

അത് അനുസരിക്കുന്നതായി കാണാം. യാക്കോബ് 14 വർഷം ഭാര്യാപിതാവിനുവേണ്ടി വേല ചെയ്യേണ്ടി വന്നു. യാക്കോബ് ലാബാന് നൽകിയ സ്ത്രീധനമായിരുന്നു അത്.

2. എബ്രായനായ യാക്കോബിന്റെ മകൾ ദീനയെ ഭാര്യയായി കിട്ടുന്നതിന് കനാന്യ ജാതിക്കാരനായ ശേഖേം യാക്കോബിന് സ്ത്രീധനവും, സമ്മാനങ്ങളും വാഗ്ദാനം ചെയ്യുന്നു. (ഉല്പ. 34:12) എത്ര ചോദിച്ചാലും സ്ത്രീധനവും ദാനവും കൊടുക്കാമെന്ന് പറയുന്നു. ബാലയെ എനിക്കു ഭാര്യയായിട്ടു തരേണം എന്നു പറയുന്നു. കനാന്യ ജാതിക്കാരുടെ ഇടയിലും ഈ വിധത്തിലുള്ള സ്ത്രീധന സമ്പ്രദായം നിലനിന്നിരുന്നതായി മനസ്സിലാക്കാം.

3. ശൗൽ രാജാവിന്റെ മകളെ ദാവീദിന് ഭാര്യയായി നൽകാൻ ശൗൽ സമ്മതമാണെന്ന് അറിയിച്ചപ്പോൾ ദാവീദ് തന്റെ ദാരിദ്ര്യം നിറഞ്ഞ അവസ്ഥയെ പറ്റി വിവരിക്കുന്നത് കാണാം. "രാജാവിന്റെ മരുമകനാകുന്നത് അൽപ കാര്യമാണെന്ന് തോന്നുന്നുവോ? ഞാൻ ദരിദ്രനും, എളിയവനുമല്ലോ". രാജാവിന്റെ മരുമകനാകുന്നത് പണച്ചിലവുള്ള കാര്യമാണെന്നും, അതിനുള്ള സാമ്പത്തിക ശേഷി ദാവീദിന് ഇല്ലായിരുന്നു എന്നും മനസ്സിലാക്കാം. അപ്പോൾ ശൗൽ ഒരു ദൂതൻ വശം ദാവീദിന് മറുപടി കൊടുത്ത് അയക്കുന്നു. "രാജാവിന്റെ ശത്രുക്കൾക്ക് പ്രതികാരമാകുവാൻ തക്കവണ്ണം ഫെലിസ്ത്യരുടെ നൂറ് അഗ്രചർമ്മമല്ലാതെ രാജാവ് യാതൊരു സ്ത്രീധനവും ആഗ്രഹിക്കുന്നില്ല" (1 ശമു. 18:23,25). സ്ത്രീധനം സ്ത്രീ വീട്ടുകാരുടെ അവകാശമായിരുന്നു എന്ന് ഇതിൽ നിന്ന് ഗ്രഹിക്കുവാൻ കഴിയും.

ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് ആയിരുന്ന നെൽസൺ മണ്ടേല പുനർവിവാഹം ചെയ്തപ്പോൾ വിവാഹധനമായി പത്നി ഗ്രാഷയുടെ വീട്ടുകാർക്ക് നൽകിയത് 50 പശുക്കളായിരുന്നു. ഇരുവീട്ടുകാരും തമ്മിലുള്ള ബന്ധം ഉറപ്പിക്കാനാണ് ഗോത്രാചാര പ്രകാരം മണ്ടേല പശുക്കളെ പെൺവീട്ടുകാർക്ക് അയച്ച് കൊടുത്തത്.

**2. ന്യായ പ്രമാണ നിയമങ്ങളിൽ സ്ത്രീധന നിയമം**

യിസ്രായേലിൽ ദൈവം ന്യായപ്രമാണ നിയമങ്ങളിൽ ചില വ്യവസ്ഥകൾ ഉൾകൊള്ളിച്ചിരുന്നതായി കാണാം. അവ ഇപ്രകാരമാണ്.

1. വിവാഹത്തിന് നിശ്ചയിക്കപ്പെട്ട ഒരു കന്യകയെ ഒരാൾ വശീകരിച്ച് അവളോടുകൂടി ശാരീരിക ബന്ധം പുലർത്തിയാൽ അവൻ സ്ത്രീധനം കൊടുത്ത് അവളെ വിവാഹം കഴിക്കേണം. അവളെ അവന് കൊടുക്കാൻ അവളുടെ അപ്പന് അശേഷം മനസ്സില്ലെങ്കിൽ അവൻ കന്യകമാരുടെ സ്ത്രീധനത്തിനൊത്തവണ്ണം (Dowry of Virgins) പണം കൊടുക്കേണം. (പുറ. 22:16,17).

2. വിവാഹം കഴിയാത്ത ഒരു കന്യകയെ ഒരുത്തൻ കണ്ട് അവളോട് കൂടെ ശാരീരിക ബന്ധം പുലർത്തിയാൽ ആ പുരുഷൻ യുവതിയുടെ അപ്പന് 50 വെള്ളിക്കാശ് കൊടുക്കേണം. അവൾ അവന്റെ ഭാര്യയാകുകയും വേണം (ആവർത്തനം 22:29). ഇതിൽ നിന്നെല്ലാം കന്യകമാരുടെ സ്ത്രീധനമെന്നത് പുരുഷൻ സ്ത്രീക്ക് നൽകുന്ന പ്രതിഫലമാണെന്ന് മനസ്സിലാക്കാം.

മലയാളത്തിലെ വിമർശന ഹാസ്യസാഹിത്യത്തിലെ വർത്തമാന കാലത്തെ കുലപതിയായി അറിയപ്പെടുന്ന സാഹിത്യകാരനായ ചെമ്മനം ചാക്കോ തന്റെ 'വിലനിലവാരം' എന്ന കവിതയിൽ സ്ത്രീധനം എന്ന സാമൂഹ്യ വിപത്തിനെ ഹാസ്യരൂപേണ വരച്ചുകാട്ടുകയുണ്ടായി. യൗവനക്കാരനായ യുവാവ് ഭാര്യമരിക്കുമ്പോൾ വിലപിക്കുന്നില്ല. കേവലം ഒരു പശു ചത്തു കിടക്കുമ്പോൾ മാറത്തടിച്ച് നിലവിളിക്കുന്നു. ഇതിനൊക്കെയും ആ ചെറുപ്പക്കാരനായ യുവാവിന്റെ മറുപടി ഇപ്രകാരമാണ്.

"വൻ തുക നൽകണം ചെന്നാൽ പുതിയൊരു
സിന്ധി പശുവിനെ വാങ്ങേണമെങ്കിലോ
ഭാര്യചത്താൽ പെണ്ണുവേറെ കിട്ടും
തെല്ലു കാര്യമായ് പേശിയാൽ കാശും കിട്ടും" ◉

## Remembrance Day

നവംബർ 7-ാം തീയതി എം.എം. സഭയുടെ 24-ാമത് 'Remembrance Day' ആരാധന സെമിത്തേരി ചാപ്പലിൽ വച്ച് വൈകുന്നേരം 5.30 മണിയ്ക്ക് Rev. D. Jacob അച്ചന്റെ നേതൃത്വത്തിൽ മറ്റ് അച്ചന്മാരുടെ സാന്നിധ്യത്തിൽ നടത്താൻ ദൈവത്തിന്റെ കൃപയാൽ സാധിച്ചു.

അന്നേ ദിവസം രാവിലെ മുതൽ തന്നെ വിശ്വാസികൾ സെമിത്തേരി സന്ദർശിയ്ക്കുകയും തങ്ങളെ വിട്ടുപിരിഞ്ഞ പ്രിയപ്പെട്ടവരുടെ കല്ലറകൾ വൃത്തിയാക്കുകയും പൂക്കൾ അർപ്പിക്കുകയും ചെയ്തു. കോവിഡ്-19 പെരുമാറ്റച്ചട്ടം അനുസരിച്ചാണ് ആരാധന നടന്നത്.

Rev. Dr. R. Jayaraj അച്ചന്റെ വചനധ്യാനം പ്രത്യാശ ഉണർത്തുന്നതും ആശ്വാസം പകരുന്നതും ആയിരുന്നു.

യോഹന്നാൻ 5:25-ാം വാക്യത്തെ ആസ്പതമാക്കി *“The Life giving voice”* എന്ന വിഷയത്തെ അവതരിപ്പിച്ചു. യേശുവാണ് ജീവന്റെ ദാതാവ്. തന്റെ ശബ്ദത്താൽ പാപത്തിൽ മരിച്ചവർക്ക് ഈ ലോകത്തിൽ തന്നെ പുനരുത്ഥാനുഭവം നൽകുന്നു. അസ്ഥികൾക്ക് മജ്ജയും മാംസവും ത്വക്കും ജീവനും നൽകുന്ന ദൈവം മനുഷ്യന് നിത്യജീവൻ നൽകുന്നു. അവസാനനാളിലെ പുനരുത്ഥാനം ന്യായവിധിക്ക് വേണ്ടിയുള്ളതാണ്. നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കേണ്ടി വരും. ആയതിനാൽ നാം എല്ലാവരും നിത്യതയുടെ വെളിച്ചത്തിൽ ജീവിക്കേണ്ടവരാണ്.

സഭയുടെ അനുസ്മരണം സെമിത്തേരി കൺവീനർ Sri. L.J. Padmakumar നിർവ്വഹിച്ചു. നമ്മുടെ പൂർവ്വികരുടെ കഷ്ടതയുടേയും യാതനകളുടേയും പരിണിതഫലമാണ് നാം ഇന്ന് അനുഭവിക്കുന്ന ഓരോ നന്മകളും. അതിനാൽ ബഹുമാനത്തോടെ അവരെ ഓർക്കേണ്ടതും, വരും തലമുറകൾക്ക് അവരെക്കുറിച്ചുള്ള നല്ല ഓർമ്മകൾ കൈമാറേണ്ടതും അത്യാവശ്യമാണ്. അവരെ നാം ഓർക്കുന്നതുപോലെ വരും തലമുറകൾ അഭിമാനത്തോടെ നമ്മെയും ഓർക്കേണ്ടതിന് നാം മാതൃകാ ജീവിതം നയിക്കേണ്ടത് അത്യാവശ്യമാണ് എന്നും കൺവീനർ പറഞ്ഞു.

ആരാധനയുടെ വിവിധ ഭാഗങ്ങൾക്ക് മറ്റ് അച്ചന്മാർ നേതൃത്വം നൽകി. ചർച്ച് സെക്രട്ടറി Dr. Thampi Samraj കൃതജ്ഞത രേഖപ്പെടുത്തി. ജേക്കബ് അച്ചന്റെ ആശിർവ്വാദത്തോടെ പ്രസ്തുത ആരാധന അവസാനിച്ചു.

സഭയുടെ ക്വയർ മനോഹരഗാനങ്ങൾ ആലപിച്ചു. കോവിഡ്-19 പെരുമാറ്റച്ചട്ടം അനുസരിച്ചാണ് ആരാധന നടന്നതെങ്കിലും മഴതടസ്സമായെങ്കിലും അനേകം സഭാംഗങ്ങൾ ആരാധനയിൽ പങ്കുകൊണ്ടു.

സാധാരണയായി നടന്നുവരാറുള്ള സെമിത്തേരി ചുറ്റിയുള്ള ‘Procession’ അച്ചന്മാരുടെ നേതൃത്വത്തിൽ ആരാധനയ്ക്ക് മുമ്പായി നടന്നു. പ്രസ്തുത ആരാധന എല്ലാവർക്കും അനുഗ്രഹപ്രദമായിരുന്നു. ലഘുഭക്ഷണത്തിനു ശേഷം എല്ലാവരും ആശ്വാസത്തോടെ പിരിഞ്ഞു.

**എൽ. ജെ. പത്മകുമാർ**
കൺവീനർ, സബ് കമ്മിറ്റി

# Advent of Christ

**Daniel Wellington**



This Christmas, we can give the gift of God's likeness through us. When our lives reflect the God who lives in us, we can be different from the world, and that difference can bless others with the transforming presence of His love and grace.

In John's account of Christ's life, the disciple describes Jesus as the light of the world. He wrote of Christ: "That was the true Light which gives light to every man coming into the world" (John 1:9). Not only did Christ the Light come to penetrate into world's darkness, but He is also "The Lamb of God who takes away the sin of the world" (John 1:29). Think of it. The baby of Bethlehem became the living, risen Christ who has rescued us from our sin and so John instructs us to "Walk in the light as He is in the light" (1 John 1:7). May all who have experienced His salvation find in Jesus the peace of walking in His light. And the blood of His Son Jesus cleanses us from every sin.

In Christmas Season, we wait. We are waiting for Jesus. He came as the long-awaited Messiah. He has not yet come as ruler over all the earth. So today, we wait for His second coming. He waits for repentance. God's slowness in coming is indeed His patience in waiting (2 Peter 3:9).

In the month of December each year, we set up a dazzling display of colorful lights. People see the flashing lights that make Christmas a festival for many. This light (Jesus) - is all that the world, is longing and looking for (Isaiah 9:2, 6-7).

He has told His followers to display His light so that others will see and glorify God (Matt. 5:16). Perhaps then the people still living in darkness would make an effort to see His great light. When Christians work together to display God's love, the gospel will shine more brightly

and attract more people to Jesus. In a world full of fear, we need to remember that Jesus came to be the prince of peace (Isaiah 9:6). As we look to Him, He will dispel our fears and calm our hearts.

Bethlehem has a cherished place in history for two main reasons. One, it is the city of David and two, it is the birth place of our Lord Jesus Christ. It is almost impossible to think of Bethlehem without thinking of king David and Ruth - the great-grand mother of David. The blessing given by the elders turned out to be more than a blessing: it was a prophecy.

Christianity teaches that God has come to this world in the person of His son in order to set up a rescue mission to save us from everlasting hell. We are saved, to serve. If non-Christians can forgother present pleasures for future gains how much more ought we who serve the risen Christ ?

The New Testament clarifies even further who this son is. In Luke 1, the angelic messenger appeared to Mary and identified the Christ-Child in four ways. He would be the son of Mary - making Him fully human (Luke 1:31). He would be the son of the Highest which made him fully divine (Luke 1:32). He would also be the son of David, giving Him the royal lineage (Luke 1:32). And He would bear the title of Son of God (Luke 1:35), giving Him equality with the Father in all things. All the roles of Messiah were fulfilled in these distinct expressions of the sonship.

As we worship Him this Advent Season, may our celebrations be filled with joy and wonder at the fullness of what it means. Our Heavenly Father has given us His perfect Son. Christmas invites us to step out of the shadows and darkness and to allow the light Christ to shine into our heart.

Christmas is a celebration than waiting for holiday traditions. When we look at the -earthly life of Jesus, it may seem backward from what we would expect. As the king of glory, He came to earth as a vulnerable infant. The feast of the nativity of our Lord, so to say, the birth of Christ, is the answer to our most fervent prayers for love and forgiveness, God's gracious gift, His son, which was announced on that long-ago silent night is still available to everyone --- "every tribe and nation" (Titus 2:11-14: Rev. 5:9-10)

Christmastide......!

# നന്ദിയുടെ ശക്തി

## The Power of Gratitude



**ആർ. സാജൻ സാംസൺ**

**ഒ**രിക്കൽ ഒരു പോസ്റ്റ് ഓഫീസിൽ ലഭിച്ച കത്തുകൾ തരംതിരിക്കുന്ന ജോലിയിലായിരുന്നു അവിടുത്തെ ജീവനക്കാർ. തെറ്റായ മേൽവിലാസവും, അപൂർണ്ണമായ മേൽവിലാസവുമുള്ള കത്തുകളെ Dead Letter എന്ന് എഴുതി മാറ്റിവയ്ക്കുകയാണ് പതിവ്. ഇപ്രകാരം മാറ്റിവച്ചിരുന്ന ഒരു കത്തിലെ മേൽവിലാസം ജീവനക്കാർക്കു വിചിത്രമായി തോന്നി.

ആ കത്തിൽ എഴുതിയിരുന്ന മേൽവിലാസം ഇപ്രകാരമായിരുന്നു – 'ദൈവം, സ്വർഗ്ഗം' കത്ത് ലഭിക്കേണ്ട വ്യക്തി – 'ദൈവം', മേൽവിലാസം – 'സ്വർഗ്ഗം'. കൗതുകം തോന്നിയ ജീവനക്കാർ ആ കത്ത് പൊട്ടിച്ചു വായിച്ചു.

ആ കത്തിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു: "എന്റെ പേര് ജോൺ. എനിക്ക് ആറു വയസ്സാണ്. മൂന്നു വയസ്സുള്ള ഒരു അനുജൻ എനിക്കുണ്ട്. ആറു മാസം മുമ്പ് ഞങ്ങളുടെ പിതാവ് മരണപ്പെട്ടു. ഇപ്പോൾ അമ്മയും ഞങ്ങൾ രണ്ടു മക്കളും മാത്രമാണ്. അമ്മ രോഗിയാണ്. ജോലിക്കു പോകാൻ കഴിയുന്നില്ല. വീട്ടിൽ വലിയ ദാരിദ്ര്യമാണ്. എനിക്ക് 500 ഡോളർ അയച്ചു തന്ന് സഹായിക്കണം".

കത്തെഴുതിയ കൊച്ചു കുട്ടിയോട് അനുകമ്പ തോന്നിയ ജീവനക്കാർ ആ കുട്ടിക്ക് എന്തെങ്കിലും സഹായം നല്കണമെന്ന് തീരുമാനിച്ചു. മുന്നൂറു ഡോളർ സ്വരൂപിച്ച് അവർ ആ കുട്ടിക്ക് മണി ഓഡർ ആയി അയച്ചു കൊടുത്തു.

കുറച്ചു ദിവസങ്ങൾക്കു ശേഷം 'ദൈവം, സ്വർഗ്ഗം' എന്ന് മേൽവിലാസം രേഖപ്പെടുത്തി ആ കുട്ടിയുടെ മറുപടി കത്ത് വന്നു. അതിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു; "പ്രിയപ്പെട്ട ദൈവം, അങ്ങ് അയച്ച തുക കിട്ടി. ഇനി പണം പോസ്റ്റ് ഓഫീസ് വഴി അയക്കേണ്ട. നേരിട്ട് എത്തിച്ചു തന്നാൽ മതി. അങ്ങ് അയച്ച തുകയിൽ 200 ഡോളർ പോസ്റ്റ് ഓഫീസ് ജീവനക്കാർ മോഷ്ടിച്ചു. ബാക്കി 300 ഡോളർ മാത്രമാണ് എനിക്ക് കിട്ടിയത്. എന്ന്, ജോൺ. മറുപടി കത്ത് വായിച്ചവർ സ്തബ്ദരായി. ആ കത്തിൽ ഒരിടത്തും ലഭിച്ച തുകയ്ക്ക് നന്ദി പറയുകയോ സന്തോഷം പ്രകടിപ്പിക്കുകയോ ചെയ്തിട്ടില്ലായിരുന്നു.

സമൂഹത്തിൽ രണ്ടു തരം ആളുകളെ നമുക്ക് ചുറ്റും കാണാൻ കഴി

യും. ഒരു കൂട്ടർ, എന്തിനും കുറ്റവും പരാതിയും പിറുപിറുപ്പും മാത്രം പറഞ്ഞ് തൃപ്തിയില്ലാതെ ജീവിതം നയിക്കുന്നവരാണ്. മറ്റൊരു കൂട്ടർ, തങ്ങൾക്കു ലഭിച്ചു കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ എല്ലാ നന്മകൾക്കും ഹൃദയപൂർവ്വം നന്ദി പ്രകടിപ്പിച്ച് സംതൃപ്തിയോടെ ജീവിതം നയിക്കുന്നവരുമാണ്. **ജീവിതത്തിൽ സന്തോഷത്തിന്റെ അടിസ്ഥാനം നന്ദിയുള്ള മനസ്സാണ് (കൃതജ്ഞതാ മനോഭാവം).** നമുക്ക് ലഭിച്ച സേവനമോ ഉപകാരമോ ചെറുതോ, വലുതോ ആവട്ടെ, അവയ്ക്കുള്ള നമ്മുടെ പ്രതിസമ്മാനമാണ് നന്ദിപറച്ചിൽ.

നമ്മുടെ ജീവിതത്തിൽ നാം അനുഭവിക്കുന്ന വിലപ്പെട്ട പല നന്മകളും സൗജന്യമായിട്ടാണ് ലഭിക്കുന്നത് -ഈ നിമിഷം, ഈ ജീവിതം, സൂര്യപ്രകാശം, നാം ശ്വസിക്കുന്ന വായു മുതലായവ. എന്നാൽ പലപ്പോഴും നാം ഇതൊന്നും തിരിച്ചറിയാറില്ല, ഇതിനൊന്നും നന്ദി പറയാറുമില്ല. **ലഭിച്ച നന്മകളോട് നന്ദി ഉള്ളവർക്കു മാത്രമേ പുതിയ നന്മകൾക്ക് അർഹതയുള്ളൂ.** Gratitude turns what we have into enough, and more. ലഭിച്ച നന്മയ്ക്ക് നന്ദി പ്രകടിപ്പിക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. നന്മ ചെയ്ത വ്യക്തിയോട് നേരിട്ട് നന്ദി പറയണം, മാറ്റിവയ്ക്കാതെ ഉടൻ പറയണം, വാക്കുകളിൽ മിതത്വം പാലിക്കണം, നന്ദി ഹൃദയത്തിൽ നിന്ന് ഉയരണം, വ്യക്തിയെ നോക്കാതെ പ്രവൃത്തി നോക്കി നന്ദി പറയണം.

ജീവിതത്തിൽ ലഭിക്കുന്ന നന്മകൾക്ക് ഹൃദയപൂർവ്വം നന്ദി പ്രകടിപ്പിക്കുന്നവർക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ നിരവധിയാണ്. അവർ എപ്പോഴും ശുഭാപ്തി വിശ്വാസം (Optimism) നിലനിർത്തും. അവർക്കു നല്ല അനുഭവങ്ങൾ ലഭിക്കും. അവർ നല്ല വ്യക്തിബന്ധങ്ങൾക്കു ഉടമയാകും. അവർക്കു പിരിമുറുക്കം, സമ്മർദ്ദം (Stress, Tension) എന്നിവ ഉണ്ടാവില്ല. അവർക്കു നല്ല വിശ്രമം (ഉറക്കം) ലഭിക്കും. അവർ എപ്പോഴും നല്ല ശാരീരിക ആരോഗ്യവും മാനസിക ആരോഗ്യവും നിലനിർത്തും. **നന്ദി നമ്മിലേക്ക് നന്മയെ കാന്തം പോലെ ആകർഷിക്കുന്നു.** A grateful heart is a magnitude for miracles. നന്ദി വൈദ്യുതി പോലെയാണ്. നിലനിൽക്കണമെങ്കിൽ ഉൽപ്പാദിപ്പിക്കപ്പെടുകയും ഉപയോഗിക്കപ്പെടുകയും വേണം.

നമുക്ക് ലഭിക്കുന്ന നന്മകളും അനുഗ്രഹങ്ങളും സ്ഥിരതയുള്ളതായി തീരുന്നത് നമുക്ക് നന്ദിയുണ്ടാകുമ്പോഴാണ്. കോവിഡ് മഹാമാരിയെ അതിജീവിക്കുവാൻ ഇത്രത്തോളം സഹായിച്ച ദൈവത്തിന് നമുക്ക് നന്ദി അർപ്പിക്കാം. സങ്കീർത്തനക്കാരൻ പറയുന്നു: **"ദൈവം ചെയ്ത ഉപകാരങ്ങൾ ഒന്നും മറക്കരുത്" (സങ്കീ. 103:2).** അനുദിന ജീവിതത്തിൽ ലഭിച്ചു കൊണ്ടിരിക്കുന്ന നന്മകൾക്ക് ഹൃദയപൂർവ്വം നന്ദി പ്രകടിപ്പിച്ച് ദൈവസന്നിധിയിൽ നമുക്ക് വിനയമുള്ളവരായിരിക്കാം.

✆: 9447153170

◉

# സി. എസ്. ഐ. ആന്റമാൻ മിഷൻ കോവിഡ് കാലത്തും ദൈവത്തിന്റെ അത്ഭുത സാക്ഷ്യം

**ദൈ**വനാമത്തിന് മഹത്വം ഉണ്ടാകട്ടെ. ഞാൻ രാഖി വിജയലാൽ. ഭർത്താവും മകളും ഒരുമിച്ച് ആന്റമാൻ മിഷനിൽ മിഷണറിയായി പ്രവർത്തിക്കുന്നു. കോവിഡ് എന്ന മഹാവ്യാധി ലോകത്തെ തന്നെ നിശ്ചലമാക്കുന്ന അവസ്ഥയിൽ ആന്റമാൻ നിക്കോബാറിലും കോവിഡ് 19-ന്റെ അതിരൂക്ഷ വ്യാപനം നടക്കുകയുണ്ടായി. നിരവധി പേരുടെ ജീവൻ നഷ്ടപ്പെടുകയും നിരവധി പേർ ഈ രോഗത്തെ അതിജീവിച്ച് ജീവിതത്തിലേയ്ക്ക് തിരിച്ചുവരുകയും ചെയ്തു.

ഞങ്ങൾ പ്രവർത്തിക്കുന്നത് നോർത്ത് ആന്റമാനിലെ ദിഗിളിപൂർ എന്ന ചെറു പട്ടണത്തിൽ ഉൾപ്പെട്ട 42 ഗ്രാമങ്ങൾ അടങ്ങിയ പ്രദേശത്താണ്. കോവിഡ് സമയത്ത് മറ്റ് എല്ലാ സ്ഥലങ്ങളിലുമുള്ളതു പോലെ കർശന ലോക്ക്ഡൗൺ നിയമങ്ങൾ ഇവിടെയും നടപ്പിലാക്കി. നിരവധി പേർ ഞങ്ങളെ ഫോണിൽ ബന്ധപ്പെടുകയും മരുന്നും ഭക്ഷണ വസ്തുക്കളും ആവശ്യപ്പെടുകയും ചെയ്തു. പഞ്ചായത്തുമായി ബന്ധപ്പെട്ട് അറിയിപ്പ് കൊടുക്കുകയും അവർക്ക് സഹായം നൽകാൻ കഴിയുകയും ചെയ്തു എന്നത് ദൈവകൃപ ആണെന്ന് ഞാൻ മനസ്സിലാക്കുന്നു.

മഹായിടവകയും ബോർഡ് ഫോർ മിഷനും ചേർന്ന് നമ്മുടെ മിഷണറിമാർക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്യാൻ സാമ്പത്തിക സഹായം നൽകുകയുണ്ടായി. ഇത് വിവിധ ഗ്രാമങ്ങളിലുള്ള മിഷണറിമാർക്ക് അതാത് സ്ഥലങ്ങളിൽ എത്തിച്ചു നൽകി. ദൈവകൃപ വ്യാപരിക്കുന്ന നാളുകളായിരുന്നു അത്.

ഉൾഗ്രാമങ്ങളിലുള്ള വിശ്വാസികൾക്ക് അവരുടെ ഭവനങ്ങളിൽ ചെന്ന് ആരോഗ്യപ്രവർത്തകരോടൊപ്പം കോവിഡ് വാക്സിൻ സ്വീകരിക്കേണ്ടതിനെ കുറിച്ചുള്ള ബോധവത്കരണം നടത്തുകയുണ്ടായി. നിരവധിപേർക്ക് വാക്സിൻ രജിസ്ട്രേഷൻ ചെയ്യുന്നത് സംബന്ധിച്ച് ആശങ്ക ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ സുവിശേഷം പങ്കുവയ്ക്കുന്നതിന്റെ ഒരു ഭാഗമായി ഈ ആശങ്ക പരിഹരിച്ച് എഴുപതിലധികം ഗ്രാമവാസികൾക്ക് ഓൺലൈൻ വഴിയായി സൗജന്യമായി രജിസ്ട്രേഷൻ ചെയ്തു കൊടുക്കാൻ കഴിഞ്ഞു എന്നതും സന്തോഷപ്രദമാണ്.

ഈ പ്രതിസന്ധികൾക്കിടയിലും പ്രാർത്ഥനകൾ ചുരുക്കം ചിലരായി നടത്തുവാൻ കഴിഞ്ഞു. ദൈവകൃപയാൽ നിരവധി ഉൾഗ്രാമങ്ങളിൽ ലോക്ഡൗൺ സമയത്ത് പോലീസിന്റെ അനുവാദത്തോടെ എണ്ണ, ഉരുളക്കിഴങ്ങ്, പരിപ്പ് എന്നീ ആവശ്യമായ സാധനങ്ങൾ ആവശ്യപ്പെട്ട പ്രകാരം എത്തിച്ചു കൊടുക്കാൻ കഴിഞ്ഞു. ഈ കോവിഡ് മഹാവ്യാധി നിരവധി ഗ്രാമങ്ങളിൽ വ്യാപിച്ചെങ്കിലും അവിടെയൊന്നും വേണ്ടുന്ന തരത്തിലുള്ള പരിശോധന ഉപകരണങ്ങൾ ഇല്ലാത്തതുമൂലം നിരവധി പേർ ദുരിതം അനുഭവിച്ച് ആ ഗ്രാമത്തിലുള്ള എല്ലാ പേരിലും രോഗം വ്യാപിച്ചു. എല്ലാ ഗ്രാമങ്ങളിലും കർശന നിരോധനം ഏർപ്പെടുത്തി. എന്നാലും ദൈവം എന്നെയും എന്റെ കൊച്ചു കുടുംബത്തെയും ആന്റമാനിലെ മിഷണറിമാരെയും കുടുംബങ്ങളെയും വിശ്വാസി കുടുംബങ്ങളെയും കൺമണിപോലെ കാത്തു പരിപാലിച്ചു. ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നതോടൊപ്പം ഈ പ്രതിസന്ധി ഘട്ടങ്ങളിലും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച എം.എം. ചർച്ചിലെ എല്ലാ വൈദീകർക്കും വിശ്വാസി സമൂഹത്തിനും ദൈവനാമത്തിലുള്ള നന്ദി അറിയിക്കുന്നു. തുടർന്നും പ്രാർത്ഥനയിൽ ഓർക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്
ക്രിസ്തുവിൽ വിശ്വസ്തതയോടെ,
**രാഖി വിജയലാൽ**
*(ആന്റമാൻ മിഷൻ)*

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Book of Joel chapters 2, 3 and Book of Amos 1 to 8. Kindly, read these chapters before attempting the quiz. Here we see a person who a shepherd, who took care of sycamore-fig trees, being called by the Lord to be a prophet. Which shows us that God does not select a person according to his status.

Please read the questions and the portion more carefully and understand the context. The submitted answers might be accepted based on the difficulty of the question and reference, so everyone is encouraged to go through the answers being published (which is the format in which the answers are expected to be submitted), even though your name might be in the list.

Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam **before December 26th** through email at churchvoicequiz@gmail.com

*Kindly write your name and time with date of submission on all correspondence. When sending answers as attachments in email, add the details inside the attachment itself.*
*Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.*
*After taking a photo make sure that the answers are readable before sending it.*
***Email is the only mode of communication.***
*Because of the current restrictions, answers will not be received at the church office.*

*The Bible Quiz can be downloaded every month using the URL https://is.gd/cvquiz*
*You can also scan the QR code to go to the link.*

1. What should be like a never-failing stream?
2. To whom did Tyre and Sidon and all regions of Philistia sell the people of Judah and Jerusalem that they might send them far away from their homeland?
3. How many years did the Lord lead the people of Israel in wilderness?
4. Who is the great army of the Lord that have eaten the years of Israelites?
5. How many years before the earthquake did Amos see vision?
6. The Sovereign Lord does nothing without revealing His plans to whom?
7. What will happen to those who swear by the sin of Samaria?
8. The nation that the Lord God Almighty stirs up against Israel will oppress them from where to where?
9. "I was neither a prophet nor the son of a prophet", who said?
10. Who were like a burning stick snatched from the fire?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*
*The correct answers to the quiz from Hosea 6 to 14 & Joel 1*

1. People of Samaria (Hos. 13:16)
2. Assyria (Hos. 9:3)
3. Ephraim (Hos. 7:8)
4. Joel (Joel 1:1)
5. Jacob (Hos. 12:2-4)
6. On the third day (Hos. 6:2)
7. Israel (Hos. 8:14)
8. Samaria (Hos. 10:5)
9. In the Lord, God of Israel (Hos. 14:3)
10. Egypt (Hos. 11:1)

List of people who had submitted the right answers (along with the reference)

1. Meehal Godwin
2. Latha Job
3. Grace Ammal V.
4. Sheela Joseph J. G.
5. Sujana Satish
6. Helen Saramma E. H.
7. Dora Johnson
8. Mary Padmini Jasper
9. Soben S. L.
10. Chandra John
11. Sarojam
12. Reuben S. L.
13. Anie Reuben
14. Pamela Hubert
15. Nesakumari Davidson
16. Girly John Ross
17. Rajesh John Ross
18. Jacob J.
19. Binil Winfred
20. Reeba Binil
21. Premila Janelet Sylam
22. Lalitha Jacob
23. Anitha Kingsley
24. Mershika John
25. Mahil Ajith

List of people who had submitted the answers but got one wrong

1. Shireen Evangeline Ross
2. Lilora P. R.

**ചർച്ച് വോയിസ് – ബൈബിൾ ക്വിസ്സ് – മലയാളം പരിഭാഷ**

**ഡിസംബർ 2021 – യോവേൽ 2, 3 & ആമോസ് 1-8**

***എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.***

1. വറ്റാത്ത തോടുപോലെ കവിഞ്ഞൊഴുകേണ്ടത് എന്ത്?
2. യെഹൂദരെയും യെരൂശലേമ്യരെയും അവരുടെ അതിരുകളിൽ നിന്നു ദൂരത്തു അകറ്റുവാൻ തക്കവണ്ണം സോരും സീദോനും സകല ഫെലിസ്ത്യപ്രദേശങ്ങളും അവരെ ആർക്ക് വിറ്റുകളഞ്ഞു?
3. യഹോവ എത്ര വർഷമാണ് യിസ്രായേൽ മക്കളെ മരുഭൂമിയിൽ കൂടി നടത്തിയത്?
4. യിസ്രായേൽ മക്കളുടെ സംവത്സരങ്ങൾ തിന്നുകളഞ്ഞ യഹോവയുടെ മഹാസൈന്യം ആര്?
5. ഭൂകമ്പത്തിനു എത്ര സംവത്സരം മുമ്പാണ് ആമോസ് ദർശനം കണ്ടത്?
6. യഹോവയായ കർത്താവ് ആർക്ക് തന്റെ രഹസ്യം വെളിപ്പെടുത്താതെയാണ് ഒരു കാര്യവും ചെയ്യാത്തത്?
7. ശമര്യയുടെ അകൃത്യത്തെച്ചൊല്ലി സത്യം ചെയ്യുന്നവർക്ക് എന്ത് സംഭവിക്കും?
8. സൈന്യങ്ങളുടെ ദൈവമായ യഹോവ യിസ്രായേൽഗൃഹത്തിനു നേരെ എഴുന്നേല്പിക്കുന്ന ജാതി അവരെ എവിടെ മുതൽ എവിടെ വരെ ഞെരുക്കും?
9. “ഞാൻ പ്രവാചകനല്ല, പ്രവാചകശിഷ്യനുമല്ല” എന്നു പറഞ്ഞതാര്?
10. കത്തുന്ന തീയിൽ നിന്നു വലിച്ചെടുക്കപ്പെട്ട ഒരു കൊള്ളിപോലെ ആയിരുന്നത് ആര്?

# C.S. I. MATEER MEMORIAL CHURCH

## Receipts & Payments Accounts for the Month of October- 2021

| Sl. No. | Particulars | Receipts Oct.-21 | Payments Oct.-21 |
|---|---|---|---|
| | **Church General Fund A/c** | | |
| | **Opening Balance** | | |
| 1 | OB-Cash | 89450 | 0 |
| 2 | OB-DT Church Special Fund | 246415 | 0 |
| 3 | OB-SBI Church Special Fund | 405154 | 0 |
| 4 | OB-Syndicate Bank | 7834 | 0 |
| | | 748853 | 0 |
| | **Offertory** | | |
| 1 | Offertory 6 am Service | 32180 | 0 |
| 2 | Offertory 7 am Service | 37440 | 0 |
| 3 | Offertory 8.30 am Service | 70058 | 0 |
| 4 | Offertory 8.30 am Communion Service | 8660 | 0 |
| 5 | Offertory 10.30 am Service | 36158 | 0 |
| 6 | Offertory 4.15 pm Service | 31425 | 0 |
| 7 | Birthday Offering | 35450 | 0 |
| 8 | Marriage Thank Offering | 9000 | 0 |
| 9 | Marriage Anniversary Offering | 2500 | 0 |
| 10 | Thank Offering | 80450 | 0 |
| 11 | Offertory Box | 9660 | 0 |
| 12 | Monthly Sangam Offering | 309730 | 0 |
| 13 | Monthly Sangam Offering - Arrear | 13800 | 0 |
| | | 676511 | 0 |
| | **Salaries And Allowances** | | |
| 1 | Salary - Pastors | 0 | 208524 |
| 2 | Salary - Staff | 0 | 113522 |
| 3 | Wages - Regular Security | 0 | 15500 |
| 4 | Wages - Sweeper | 0 | 18200 |
| 5 | Loan - Rajeev T | 2500 | 0 |

| | | | |
|---|---|---|---|
| 6 | Loan - Anil Kumar S | 2500 | 0 |
| 7 | External Marriage Allowance | 0 | 8000 |
| 8 | Mobile Phone Allowance | 0 | 220 |
| 9 | Cover Distribution Allowance | 0 | 6000 |
| 7 | Monthly Assistance - Ex.Sexton-Mr. Johnson M. | 0 | 14000 |
| 10 | Monthly Assistance - Ex.Sexton-Mr. Hudson K. | 0 | 7000 |
| | | 5000 | 390966 |
| | **Transfer to Diocese/Bank (Recoveries & Dues)** | | |
| 1 | 20% Levy | 0 | 135302 |
| 2 | Palliative Care Program | 4000 | 4000 |
| 3 | Pension Contribution of Pastors | 3496 | 3496 |
| 4 | CPF Contribution from Church | 11654 | 11654 |
| 5 | 1% to District Fund | 0 | 6765 |
| 6 | 1% to Missionary Fund | 0 | 6765 |
| 7 | 1% to Disabled Workers | 0 | 6765 |
| 8 | Pension Contribution from Church | 14568 | 14568 |
| 9 | CPF Contribution of Pastors | 11654 | 11654 |
| 10 | Staff Welfare Fund Contribution By Staff | 13512 | 0 |
| | | 58884 | 200969 |
| | **Library & Halls** | | |
| 1 | Library-Sale of English Hymnals | 1650 | 0 |
| 2 | Curios and Souvenir | 0 | 24750 |
| 3 | Sexton Quarters Maintenance | 0 | 4000 |
| 4 | KJM Hall Rent | 500 | 0 |
| | | 2150 | 28750 |
| | **Repairs & Maintenance** | | |
| 1 | Rep. and Maint. of Church Building | 387 | 0 |
| 2 | Rep. and Maint. of Electrical Systems | 0 | 1525 |
| 3 | Rep. and Maint. of Church PA Systems | 0 | 22263 |
| 4 | Rep. and Maint. of Furniture | 0 | 2588 |
| 5 | Maint. of Church premises / Garden | 0 | 2790 |
| 6 | Rep. and Maint. of Others in Church | 0 | 15578 |
| | | 387 | 44744 |

| | | | |
|---|---|---|---|
| | **Mission Support** | | |
| 1 | City Mission-Rajaji Nagar | 4501 | 6400 |
| 2 | City Mission-Kothalam | 2640 | 9300 |
| 3 | City Mission-Prasanth Nagar | 1360 | 6158 |
| 4 | BSI Collection | 1000 | 0 |
| | | 9501 | 21858 |
| | **Poor Fund** | | |
| 1 | Poor help | 42100 | 9300 |
| 2 | Non Member Marriages -- Poor Help | 20000 | 10000 |
| 3 | Widow and Invalid Pension | 0 | 30500 |
| 4 | Medical help | 12000 | 31000 |
| 5 | Non Member Marriages -- Poor Marriage Help | 20000 | 10000 |
| 6 | Educational Help | 0 | 5000 |
| 7 | Free food to SMCSIH | 19000 | 0 |
| 8 | House Maintenance Help | 1000 | 0 |
| | | 114100 | 95800 |
| | **Church Administration** | | |
| 1 | Telephone Charges | 0 | 2210 |
| 2 | Wine and Wafer | 0 | 2020 |
| 3 | Hospitality | 0 | 4880 |
| 4 | Printing Charges | 2650 | 41000 |
| 5 | Caution Deposit | 11000 | 11000 |
| 6 | Photocopy/Copier | 0 | 150 |
| 7 | Stationary | 0 | 459 |
| 8 | Extra Security Guard Charges | 3500 | 500 |
| 9 | Church Voice | 11000 | 9000 |
| 10 | Marriage Choir Fees | 20000 | 3500 |
| 11 | Administrative Charges | 14000 | 5000 |
| 12 | Miscellaneous Expense | 0 | 250 |
| | | 62150 | 79969 |
| | **Payments & Withdrawals from Bank Accounts** | | |
| 1 | Transfer from P&MC A/c. | 14240 | 0 |
| 2 | Transfer to TJM Hall A/c. | 0 | 54352 |

| | | | |
|---|---|---|---|
| 3 | Transfer from Missionary A/c. | 64431 | 0 |
| 4 | Transfer from Cemetery A/c. | 4200 | 0 |
| | | 82871 | 54352 |
| | **Closing Balance** | | |
| 1 | CB-Cash | 0 | 166209 |
| 2 | CB-DT Church Special Fund | 0 | 246415 |
| 3 | CB-SBI Church Special Fund | 0 | 422541 |
| 4 | CB-Syndicate Bank | 0 | 7834 |
| | | 0 | 842999 |
| | | 1760407 | 1760407 |
| | **Parsonage and Missionary Complex A/c.** | | |
| 1 | OB-SBI Parsonage and Missionary Complex A/c | 485995 | 0 |
| 2 | SBI Rent | 96795 | 0 |
| 3 | JM Hall Rent | 200 | 0 |
| 4 | Transware Enterprises | 170480 | 0 |
| 5 | Rep. and Maint. of Parsonage | 0 | 590 |
| 6 | TDS-Rent | 0 | 28664 |
| 7 | GST | 48109 | 48109 |
| 8 | TDS Credit-GST | 1935 | 0 |
| 9 | Water Charges | 0 | 5890 |
| 10 | PMC Levy to Diocese | 0 | 48109 |
| 11 | Transfer to Missionary A/c. | 0 | 200000 |
| 11 | Transfer from MM Church general fund | 0 | 14240 |
| 12 | CB-SBI Parsonage and Missionary Complex A/c | 0 | 457912 |
| | | 803514 | 803514 |
| | **TJM Hall A/c.** | | |
| 1 | OB-SBI TJM Hall A/c | 346352 | 0 |
| 2 | TJM Hall Rent | 235000 | 0 |
| 3 | Hall Cleaning | 0 | 11800 |
| 4 | TJM Hall Repair & Maintenance-Building | 0 | 39909 |
| 5 | TJM Hall Repair & Maintenance-Electrical | 0 | 13923 |
| 6 | Caution Deposit | 50000 | 20000 |
| 7 | Capital Work in TJM Hall | 0 | 45000 |

| | | | |
|---|---|---|---|
| 8 | CGST | 21150 | 10260 |
| 9 | SGST | 21150 | 10260 |
| 10 | Advance - TJM Hall Caretaker | 5000 | 5000 |
| 11 | Salary-Caretaker | 0 | 20000 |
| 12 | Transfer from MM Church general fund | 54352 | 0 |
| 13 | CB-SBI TJM Hall A/c | 0 | 556852 |
| | | 733004 | 733004 |
| | **Missionary Fund A/c.** | | |
| 1 | OB-SBI Missionary A/c | 450958 | 0 |
| 2 | Mission Monthly Offering | 80795 | 0 |
| 3 | Missionary Support - IEM | 0 | 6000 |
| 4 | Board For Mission SKD | 89500 | 145000 |
| 5 | Missionary Support - FMPB | 0 | 3000 |
| 6 | Missionary Support - NMS | 0 | 4500 |
| 7 | New Mission Field Work | 0 | 41589 |
| 8 | Mission Village Donation | 2149725 | 0 |
| 9 | Transfer from P&MC A/c. | 200000 | 0 |
| 10 | Transfer to MM Church general fund | 0 | 64431 |
| 11 | CB-SBI Missionary A/c | 0 | 2706458 |
| | | 2970978 | 2970978 |
| | **Cemetery A/C.** | | |
| 1 | OB-SBI Cemetery A/c | 392310 | 0 |
| 2 | Rep. and Maint. of Tomb | 0 | 7100 |
| 3 | Rep. and Maint. of Cemetry Garden | 0 | 25980 |
| 4 | Rep. and Maint. of Cemetry Compound Wall | 0 | 10400 |
| 5 | Rep. and Maint. of Others in Cemetry | 0 | 15320 |
| 6 | Individual Vault Charges | 4000 | 0 |
| 7 | Cemetry Chapel Rent | 1000 | 0 |
| 8 | Cemetry Chapel Cleaning | 0 | 2000 |
| 9 | Transfer to MM Church general fund | 0 | 4200 |
| 10 | CB-SBI Cemetery A/c | 0 | 332310 |
| | | 397310 | 397310 |

## Obituary



**Mr. Prem Prakash Rose**
(Family No.218)
*Called to eternal rest on*
**03-11-2021**

**Mr. Satheesh Kumar**
(Family No.233)
*Called to eternal rest on*
**09-11-2021**



**Mrs. Shelly J.**
(Family No.1572)
*Called to eternal rest on*
**12-11-2021**



**Mrs.Thankamony Damodaran**
(Family No.1312)
*Called to eternal rest on*
**14-11-2021**

**Mr. Anselm Samuel**
(Family No.A 419)
*Called to eternal rest on*
**14-11-2021**



**Mr.Johnson M.**
(Family No.604)
*Called to eternal rest on*
**14-11-2021**

## Mens Fellowship





തിരുവനന്തപുരം എം.എം. സഭയിലെ മെൻസ് ഫെല്ലോഷിപ്പ് 2021 ലെ ഹൗസിംഗ് പ്രോജക്ട് പദ്ധതി പ്രകാരം ശ്രീമതി ഷൈലയ്ക്കും കുടുംബത്തിനും വാങ്ങി നൽകിയ ഭവനത്തിന്റെ പ്രമാണവും മറ്റ് രേഖകളും 21–11–2021 ഞായറാഴ്ച രാവിലെ 11.30 ന് ഭവനത്തിൽ നടന്ന മെൻസ് ഫെല്ലോഷിപ്പ് ആരാധനയിൽ വെച്ച് ബഹുമാന്യരായ അച്ചന്മാർ ശ്രീമതി ഷൈലജയ്ക്ക് കൈമാറുകയുണ്ടായി.

പ്രസ്തുത ആരാധനയിൽ റവ. വൈ. വിജയദാസ്, റവ.ഡോ. ജയരാജ്, റവ. എസ്.കെ. വിജയകുമാർ (മലയം സി.എസ്.ഐ. ചർച്ച്) ശ്രീ. വിജയരാജ് (അസ്സോസ്സിയേറ്റ് മലയം സി.എസ്.ഐ. ചർച്ച്, ശ്രീ. ബിനുതോമസ് (മലയം) എം.എം. ചർച്ച് ഫെല്ലോഷിപ്പ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

സെക്രട്ടറി
മെൻസ് ഫെല്ലോഷിപ്പ്

## CEYF, BCL-JCF Combined retreat







## Rememberance Day























